(ബി) എങ്കിൽ ആയത് നിയന്ത്രിക്കുന്നതിനായി സ്വകാര്യ ആശുപത്രികൾ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ, സ്വകാര്യ ലബോറട്ടറികൾ ഇവയെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ച് ഫീസുകൾ ഏകീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പിന് നിലവിൽ സ്വകാര്യ ആശുപത്രികളുടെ മേൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

(ബി) സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കുവേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്നൊരു ബിൽ പാസ്സാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

കായംകുളം താലൂക്കാശുപത്രിയിൽ ഡയാലിസിസ്, ഡിജിറ്റൽ, എക്സ്റേ യൂണിറ്റുകൾ

60 (2611) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും ഡിജിറ്റൽ എക്സ്-റേ യൂണിറ്റും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

കായംകുളം താലൂക്കാശുപത്രിയിൽ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് കായംകുളം മുനിസിപ്പാലിറ്റിയുടെ 2014-15 പ്രോജക്ടിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി യൂണിറ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്നു മാസത്തിനകം യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയും. ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നിരോധിച്ച ലഹരി വസ്തുക്കളുടെ വില്പന

61 (2612) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly